കടമീടാക്കൽ നടപടികൾ.

270. [32] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1947, 48, 49, 50, 51, 52, 53, 54 വർഷങ്ങളിൽ തിരുവിതാംകൂർ-കൊച്ചി പ്രദേശങ്ങളിൽ സിവിൽക്കോടതി മുഖാന്തിരം ലേലത്തിൽ വിറ്റിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം, ലേലത്തുക ഇവ എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ വർഷങ്ങളിൽ ഓരോന്നിലും സിവിൽക്കോടതികളിൽ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള സൂട്ടുകളുടെ മൊത്തമായ സംഖ്യയും എന്തെന്നു പറയുമോ?

ഉത്തരം.

(എ & ബി) ഈ ചോദ്യത്തിനു് ഉത്തരം തയ്യാറാക്കുന്നതിനു വേണ്ടിവരുന്ന സമയവും, ജോലിയുടെ കൂടുതലും കണക്കാക്കിയാൽ അതിന്റെ പ്രയോജനവുമായി യാതൊരു പൊരുത്തവുമില്ല. അതുകൊണ്ടു് ഉത്തരം തയ്യാറാക്കിയിട്ടില്ല.

റവന്യൂ പുറംപോക്കു ഭൂമി.

271. [33] ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലപ്പിള്ളി താലൂക്കിൽ ഏങ്ങനാടു്, വെണ്ണൂർ എന്നീ വില്ലേജുകളിൽ ഏതെല്ലാം സർവ്വെ നമ്പരുകളിൽ എത്ര ഏക്കർ വീതം റവന്യൂ പുറംപോക്കു ഭൂമിയുണ്ടു് ;

(ബി) ഈ ഭൂമി ആരെല്ലാം ഏതെല്ലാം സർവ്വെനമ്പരുകളിൽ എത്ര ഏക്കർ വീതം കൈവശം വച്ചിട്ടുണ്ടു് ;

(സി) ഓരോ വില്ലേജിൽനിന്നും ലഭിക്കുന്ന ഭൂനികുതി എത്ര ; നിരോധനനികുതി എത്ര ;

(ഡി) ഓരോ വില്ലേജിലും മേച്ചിൽസ്ഥലം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രവീതം ഉണ്ടു്; ആ സ്ഥലം ആരുടെയെങ്കിലും കൈവശം ആണോ ; ആണെങ്കിൽ ആരുടെ കൈവശമാണു് ;

(ഇ) ഓരോ വില്ലേജിലും കൃഷിക്കുപയുക്തമായ വനഭൂമിയുണ്ടോ; ഉണ്ടെങ്കിൽ എത്ര ; അവ ആരുടെയെങ്കിലും കൈവശമാണോ ; ആണെങ്കിൽ ആരുടെയെല്ലാം കൈവശം ; എത്രവീതം ഉണ്ടു്?

ഉത്തരം.

(എ) എങ്ങനാടു് വില്ലേജിൽ 216 ഏക്കർ, 32 സെന്റു് പുറംപോക്കു ഭൂമിയും, വെണ്ണൂർ വില്ലേജിൽ 3 സെന്റു് പുറംപോക്കു ഭൂമിയും ഉണ്ടു്. സർവ്വെ നമ്പരുകളുടേയും, വിസ്തീർണ്ണത്തിന്റേയും വിവരത്തിനു് ലിസ്റ്റു് * അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) വിവരങ്ങളടങ്ങിയ † ലിസ്റ്റു് അനുബന്ധമായി ചേർത്തിരിക്കുന്നു.

---

* Please see Appendix VIII

LIBRARY ARCHIVES Kerala Legislative Assembly